<u>**15 -ാം കേരള നിയമസഭ**</u>

<u>**1 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 612**</u> <u>**09-06-2021 - ൽ മറുപടിയ്ക്ക്**</u>

<u>**തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ കുണ്ടൂർ തോട് നവീകരണം**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്** | | **Shri Roshy Augustine**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | നവീകരണത്തിനാവശ്യമായ തുക അനുവദിച്ച, തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ കുണ്ടൂർ തോടിന്റെ നിർമ്മാണ പുരോഗതിയും പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് പൂർത്തീകരിച്ച നടപടികളും വ്യക്തമാക്കുമോ? | (എ) | 23/04/2018-ലെ സ.ഉ(സാധ)നം.300/2018/ ജവിവ ഉത്തരവ് പ്രകാരം കുണ്ടൂർത്തോട് നവീകരണം എന്ന പ്രവൃത്തി കെ.ഐ.ഐ.ഡി.സി.(KIIDC)-യെ ഏല്പിച്ച് ഉത്തരവ് നൽകിയിരുന്നു. എന്നാൽ ആയകട്ട് വിശദാംശങ്ങൾ, മണ്ണിന്റെ മൂല്യ നിർണ്ണയ റിപ്പോർട്ട്, മണ്ണ് നീക്കം ചെയ്യൽ പഠനം എന്നിവയുടെ അഭാവം മൂലം ഡി.പി.ആർ. തയ്യാറാക്കുന്നതിന് കാലതാമസം നേരിട്ടു. കിഫ്ബിയുടെ പുതുക്കിയ മാനദണ്ഡങ്ങൾ അനുസരിച്ച ഒരു വർഷത്തിനുള്ളിൽ ഭരണവകുപ്പിൽ നിന്നും അനുമതി നേടിയിരിക്കണം. അതിൻപ്രകാരം കെ.ഐ.ഐ.ഡി.സി (KIIDC) ആവശ്യമായ വിശദാംശങ്ങൾ ഉൾക്കൊള്ളിച്ച് ഡി.പി.ആർ തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുകയും സ.ഉ(സാധ)നം.16/2021/WRD പ്രകാരം 06/01/2021 ൽ അംഗീകാരം നൽകുകയും ചെയ്തു. അതനുസരിച്ച് 30/01/2021 ൽ ഡി.പി.ആർ കിഫ്ബിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽ നിന്നും അംഗീകാരം ലഭിച്ചാൽ ഉടൻ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ